**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1214** **02-02-2026 - ൽ മറുപടിയ്ക്ക്**

**കേരളീയ കലകളുടെ പഠനത്തിനും പ്രചാരണത്തിനും ഡിജിറ്റൽ ആർട്ട് സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലോകത്തിന്റെ ഏത് കോണിൽ ജീവിക്കുന്നവർക്കും കേരളീയ കലകൾ പഠിക്കുന്നതിനും കേരളീയ സംസ്കാരത്തെക്കുറിച്ച് അറിവ് നേടുന്നതിനും അവസരമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. സാംസ്കാരിക വകുപ്പിന്റെയും കേരള ഡിജിറ്റൽ സർവ്വകലാശാലയുടെയും സഹകരണത്തോടെ കേരളത്തിന്റെ സാംസ്കാരിക പൈതൃകങ്ങൾ, തനത് കലാരൂപങ്ങൾ എന്നിവയുടെ സമഗ്രമായി വിവരശേഖരണം ഡിജിറ്റലൈസ് ചെയ്യുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്നത് സംബന്ധിച്ച സംരഭത്തിന് 10.11.25ലെ G.O(RT) No.672/2025/CLAD നം ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കേരളീയ കലാരൂപങ്ങൾ പഠിക്കാനും പരിശീലിക്കാനും ഡിജിറ്റൽ സർവകലാശാലയുടെ സഹകരണത്തോടെ ഡിജിറ്റൽ ആർട്ട് സ്കൂൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഡിജിറ്റൽ ആർട്ട് സ്കൂൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഡിജിറ്റൽ ആർട്ട് സ്കൂളിലൂടെ ഏതെല്ലാം കേരളീയ കലകളുടെ പരിശീലനത്തിനാണ് ഓൺലൈൻ സംവിധാനം ഒരുക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | അന്യം നിന്ന് പോകുന്ന കേരളത്തിലെ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും ലക്ഷ്യം വെച്ച് കൊണ്ടാണ് ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കാനുദ്ദേശിക്കുന്നത്. |
| (ഡി) | കേരളീയ കലകളുടെ ആഗോളതലത്തിലുള്ള പ്രചരണത്തിനും വിവിധ കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിനും ഈ പദ്ധതി സഹായകമാകുമോ; വിശദമാക്കാമോ? | (ഡി) | വിവിധ കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാരുടെ ഉപജീവനത്തിന് ടി പദ്ധതി ഉപകാര പ്രദമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ